പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 31.10.2011 ൽ |
| ചോദ്യം നംപർ. 6400 | മറുപടി യ്ക്ക് |

## കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി:<br>ശ്രീ. പി.കെ. ഗുരുദാസൻ:<br>"ആർ. രാജേഷ് :<br>" ജെയിംസ് മാത്യു: | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനം വർദ്ധിപ്പിക്കുന്നതിന് തോട്ടണ്ടിയുടെ ലഭ്യതയാണ് പ്രധാന ഘടകം. തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ കേന്ദ്രസർക്കാരിന്റെ 5783 ലക്ഷം രൂപ ധനസഹായത്തോടെ കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന സർക്കാർ ഏജൻസി 20,000 ഹെക്ടർ സ്ഥലത്ത് കർഷകർ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വഴി കൃഷി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പ്ലാൻഫണ്ട് വഴിയുള്ള ധനസഹായവും വിനിയോഗിച്ച് ഇതുവരെ 17190 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി കഴിഞ്ഞു. കേന്ദ്രസർക്കാരിൽ നിന്നും 2009-10 മുതൽ നാളിതുവരെ 1570 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 850 ലക്ഷം രൂപയും ഇതിനായി നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിന്റെ വർദ്ധനവ് അനുസരിച്ച് തൊഴിൽ ദിനങ്ങളും വർദ്ധിക്കുന്നതാണ്. |
| (ബി) കെ.എസ്.സി.ഡി.സി., കാപെക്സ് എന്നീ സ്ഥാപനങ്ങളിൽ എത്ര കശുവണ്ടി തൊഴിലാളികൾ ജോലി നോക്കി വരുന്നുണ്ട്; | (ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 17333 തൊഴിലാളികളും, കാപെക്സിൽ ഏകദേശം 6300 തൊഴിലാളികളും ജോലി നോക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനങ്ങളിൽ കശു വണ്ടി തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 2011- വർഷം നാളിതുവരെ 234 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളതാണ്. കാപെക്സിൽ 2011 - വർഷം 250 -ന് മുകളിൽ തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ